# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3602**

**10-04-2013 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽ കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | 1. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിലൂടെ നെൽകൃഷി നടപ്പിലാക്കുന്നതുവഴി കർഷകർക്ക് ഉല്പാദന ചെലവ് ഏകദേശം 20% മുതൽ 30% വരെ കുറയ്ക്കാൻ സാധിക്കുന്നു. രോഗകീട ബാധയുടെ അതിപ്രസരം ഇല്ലാതാക്കുന്നു. അതുവഴി കീടനാശിനിയുടെ അമിത ഉപയോഗം കുറയ്ക്കുവാനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനും സാധിക്കുന്നു.<br>2. ഭക്ഷ്യസുരക്ഷ കൈവരിക്കുക.<br>3. കർഷകരുടെ അറ്റാദായം വർദ്ധിപ്പിക്കൽ.<br>4. കൂടുതൽ സ്ഥലം നെൽകൃഷിയിലേക്ക് കൊണ്ടുവരിക എന്നിവയാണ് ഗ്രൂപ്പ് ഫാമിംഗ് നെൽകൃഷി നടപ്പിലാക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.<br><br>സംസ്ഥാനത്ത് ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിനായി 2012-2013 വർഷം ഹെക്ടറിന് 4000/- രൂപ നിരക്കിലുള്ള ആനുകൂല്യം നല്കി 67,500 ഹെക്ടർ സ്ഥലത്ത് പദ്ധതി (സുസ്ഥിര നെൽകൃഷി) നടപ്പിലാക്കുകയുണ്ടായി. ഇതുമൂലം 2700 ലക്ഷം രൂപയുടെ സാമ്പത്തിക നേട്ടം കൈവരിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (ബി) | ഗ്രൂപ്പ് ഫാമിംഗ് പദ്ധതി , രജിസ്റ്റേഡ് പാടശേഖര സമിതികൾ, കർഷക തൊഴിലാളി സംഘങ്ങൾ, നെൽകൃഷി വികസന ഏജൻസികൾ, രജിസ്റ്റേഡ് വനിതാ ഗ്രൂപ്പുകൾ എന്നിവ മുഖാന്തിരം നടപ്പിലാക്കുന്നു. |
| (സി) | ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ഇതിനായി പാടശേഖര സമിതികൾ, എല്ലാവർഷവും രജിസ്ട്രേഷൻ പുതുക്കി ഭാരവാഹികൾക്ക് ചുമതലകൾ നൽകുകയും ഓരോ സീസൺ തുടങ്ങുന്നതിനുമുൻപ് കർഷകർക്ക് നെൽകൃഷി ഇറക്കുന്നതിനാവശ്യമായ ഉല്പാദനോപാധികളും നിലമൊരുക്കൽ മറ്റ് അടിസ്ഥാന വികസന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. 2013-14 വർഷവും ഈ പദ്ധതി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ